# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1639**

**31/01/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പദ്ധതി

| ചോദ്യം<br>ശ്രീ. വി.എസ്.ശിവകുമാർ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,, അനൂപ് ജേക്കബ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ പദ്ധതി പ്രകാരം, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കുടുംബശ്രീ തയ്യാറാക്കിയ പട്ടികയിൽ അനർഹർ കടന്നു കൂടിയെന്നും അർഹരായവർ തഴയപ്പെട്ടുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ, പട്ടിക പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | അനർഹർ വ്യാപകമായി ഉൾപ്പെട്ടത് ശ്രദ്ധയിൽപെട്ടിട്ടില്ല. അഥവാ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ തദ്ദേശസ്ഥാപന തലത്തിൽ അപ്പിൽ & സ്ക്രൂട്ട്നി കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് നടന്ന തദ്ദേശസ്ഥാപന തലത്തിലെ ആദ്യഘട്ട അപ്പീലിലും രണ്ടാംഘട്ടത്തിലെ ജില്ലാതല അപ്പീലിലും അനർഹരെ ഒഴിവാക്കുന്നതിനുള്ള അവസരം നൽകിയിരുന്നു. |
| (സി) | ലൈഫ് മിഷൻ പദ്ധതി നിലവിൽ വന്നതോടുകൂടി, സർക്കാരിന്റെ മറ്റ് ഭവന പദ്ധതികളിൻകീഴിൽ വീട് ലഭിക്കുവാൻ അർഹതയുണ്ടായിരുന്നവർക്ക് അതിന് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | അപേക്ഷിക്കുവാൻ സാധിക്കാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | മുൻസർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലൂടെ നിർമ്മാണം ആരംഭിച്ചതും പണി പൂർത്തിയാകാതിരുന്നതുമായ വീടുകളെ ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. വിവിധ ഭവന പദ്ധതികളിൽ നിർമ്മാണം ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ 66750 ഭവനങ്ങൾ സംസ്ഥാനത്ത് ക ണ്ടെത്തിയിട്ടുണ്ട്. ഇവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നാളിതുവരെ 3661 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**